(സി) ഇപ്പോൾ എത്ര ഏക്കർ നിലത്തിൽ ഗവണ്മെണ്ടു് ജലസേചനപദ്ധതി മുഖാന്തിരം വെള്ളം കൊടുക്കുന്നു?

റാവുസാഹിബ്ബു് കെ. അയ്യപ്പൻ:

(എ) ഇപ്പോഴത്തെ ചീഫ് എഞ്ചിനീയർ ഉദ്യോഗത്തിൽ പ്രവേശിച്ചിട്ടു് ൨ വർഷം കൊല്ലമായി. ചീഫ് എഞ്ചിനീയരായിട്ടു ൨൨ കൊല്ലം കഴിഞ്ഞു.

(ബി) ഉദ്ദേശം ൩൫,൪൩൯ ഏക്കർ.

(സി) ഉദ്ദേശം ൫൯,൨൫൫ ഏക്കർ. (Please see also Appendix III)

COMMITTEE REGARDING JUDICIAL REORGANISATION

379. മിസ്റ്റർ കെ. എ. രാഘവൻ: താഴെ എഴുതുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നും സദയം മറുപടി പറയുമൊ.—

(എ) കൊച്ചിലെ ജുഡീഷ്യൽ പരിഷ്കരണത്തെ സംബന്ധിച്ചു് അന്വേഷിച്ചു റിപ്പോർട്ടുചെയ്യുവാൻ ഗവണ്മെണ്ടിൽ നിന്നു ഒരു കമ്മീഷനിയെ നിയമിക്കുകയുണ്ടായൊ;

(ബി) ആരൊക്കെയാണു് ഈ കമ്മീഷനിയിലെ അംഗങ്ങൾ;

(സി) അവർ റിപ്പോർട്ടു സമർപ്പിച്ചുവൊ;

(ഡി) ഉണ്ടെങ്കിൽ അവർചെയ്തിട്ടുള്ള നുപാശ്കകം എന്തെല്ലാമാണു്;

(ഇ) ആ റിപ്പോർട്ടിന്മേൽ ഗവണ്മെണ്ടു ഉത്തരവു പാസാക്കിയൊ?

മിസ്റ്റർ കെ. എസ്സു് രാഘവൻ:

(എ) ഉവ്വു്

(ബി) ൧. മിസ്റ്റർ കെ. ടി. കോശി, ബി. എ., ബി. എൽ., പൂണി ജഡ്ജി, ഹൈകോർട്ടു് ഓഫ് കൊച്ചിൻ.

൨. മിസ്റ്റർ ബി. വി. കെ. മേനോൻ, ബി. എ., ബി. എൽ., ഗവണ്മെണ്ടു് സിക്രട്ടറി.

൩. മിസ്റ്റർ എം. എസ്സു്. മേനോൻ, എം. എ., ബാർ-അറ്റ്-ലാ, അഡ്വൊക്കേറ്റു്, എറണാകുളം.

(സി) ഉവ്വു്.

(ഡി) റിപ്പോർട്ടിന്റെ ഒരു പ്രതി മേശപ്പുറത്തു വച്ചിട്ടുണ്ടു്.

(ഇ) ഇല്ല.

ALAGAPPA TEXTILES AND SITHARAM TEXTILES—WAGES —PARTICULARS REGARDING

380. Mr. P. K. Dewer *(Nominated):* Will Government be pleased to state.—

(*a*) the minimum wages in the Alagappa Textiles Ltd., and Sitharam Textiles Ltd., separately;

(*b*) whether these companies did pay any bonus to their workers in 1121; if so, how many months wages did they pay as bonus;

(*c*) what was the minimum and maximum amount received by workers in either mills as bonus (give figures separately)?

Mr. P. Govinda Menon *(Minister for Food and Education):*

(*a*) Minimum basic pay for an adult worker for 8 hours' work.

	Alagappa Textiles	*Sitharam Textiles*
	Rs. 7— 8—0 per month	Rs. 7—8—0 per month.
Dearness Allowance.—	11— 4—0 do.	16— 4—0 do.
Total	18—12—0	23—12—0

(*b*) Yes.

Alagappa Textiles
2 months' basic pay

Sitharam Textiles
3½ months' basic pay.

LIBRARY ARCHIVES Kerala Legislative Assembly

(c)	Minimum Rs. 4 for 2 months	Minimum Re. 0—8—9 for the 3½ months.
	Maximum Rs. 170—12—0 do.	Maximum Rs. 122—8—0 do.

മിസ്റ്റർ പി. കെ. ഡീവർ : ചോദ്യം (a) യിലെ മറുപടിയിൽ ൭½ ക. Basic Pay എന്നു് പറഞ്ഞിട്ടുണ്ടു്. അതു ഏതുകാലത്തെയാണു് എന്നു പറയാമോ?

Mr. P. Govinda Meno*(Ministr for Food and Education)*: The answer was prepared on 14th February 1947.

മിസ്റ്റർ പി. കെ. ഡീവർ : ഇപ്പോൾ അതിൽ എന്തെങ്കിലും വ്യത്യാസം വരുത്തിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : അളകപ്പാ ടെക്സ്റ്റയിൽസ്സിൽ വ്യത്യാസം വരുത്തീട്ടുണ്ടു്. സീതാറാം മില്ലിലെ കാര്യം എന്തുചെയ്യുവെന്നു് ഇപ്പോൾ ക്ലിപ്തമായിപറയുവാൻ നിവൃത്തിയില്ല.

മിസ്റ്റർ പി. കെ. ഡീവർ : ഇതിൽ "മൂന്നര മാസത്തേക്കു് വ ണ. ൻ പൈ. ബോണസ്സു" എന്നു പറയുന്നതു് എന്താണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ഞാനും അതിനെപ്പറ്റി ആലോചിക്കയാണു്. ഞാനുദ്ദേശിക്കുന്നതു് മിനിമം എന്നു പറഞ്ഞപ്പോൾ ആ അവസരത്തിൽ അവിടെ ജോലിക്കു് ഹാജരായിട്ടുള്ളതിൽ ഏറവും കുറഞ്ഞ ആളുടെ ഒരു കണക്കായിരിക്കണം.

SALARY OF HOSPITAL ASSISTANTS

381. മിസ്റ്റർ കെ. എസ്സു്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) മെഡിക്കൽ ഡിപ്പാർട്ടുമെണ്ടിലെ ഹോസ്പിറ്റൽ അസിസ്റ്റൻസിന്റെ പ്രതിമാസ ശമ്പളമെന്തു്;

(ബി) ഇവരിൽ ഡിസ്പെൻസറികളിലും ആസ്പത്രികളിലും ജോലി ചെയ്യുന്നവർക്കു് ശമ്പളത്തിൽ വല്ല വ്യത്യാസവുമുണ്ടോ; ഉണ്ടെങ്കിൽ എന്തു്;

(സി) ഹോസ്പിറ്റലുകളിലും സിസ്പെൻസറികളിലും ജോലി ചെയ്യുന്നവർ ദിവസത്തിൽ എത്ര മണിക്കൂർവീതം ജോലിചെയ്യണം;

(ഡി) ഹോസ്പിറ്റലുകളിലുള്ളവർക്കും ഡിസ്പെൻസറികളിലുള്ളവർക്കും ഒരുപോലെ Night duty ഉണ്ടോ;

(ഇ) ഇവർക്കു ഗവൺമെണ്ടിൽനിന്നു സൌജന്യമായി യൂനിഫാറം കൊടുക്കുന്നുണ്ടോ;

(എഫ്) ഇവർക്കുള്ള ജോലികൾ എന്തെല്ലാം;

(ജി) ഇത്തരം കീഴ് ജീവനക്കാർ ഈ വകുപ്പിൽ എത്രപേരുണ്ടു്?

റാവുബഹദൂർ ടി. കെ. നായർ:

(എ) ഹോസ്പിറ്റൽ അറൻഡന്റൻസിന്റെ ശമ്പളം ക. ൫ ൦—½—൫൯; ഛാന്താസ്പത്രിയിൽ ക. ൫൮—൫—൫ @; സ്വീപ്പേഴ്സിന്റെ ശമ്പളം ൫൫—½—൫൮ ക. ൫ ൦—½—൫൯ + ക. ൫ ലോക്കൽ അലവൻസ്.

(ബി) ഛാന്താസ്പത്രിയിൽ ജോലിചെയ്യുന്നവർക്കു മേൽകൈ മറ്റാർക്കും ശമ്പളത്തിൽ വ്യത്യാസമില്ല. ഛാന്താസ്പത്രിയിലുള്ളവരുടെ ശമ്പളത്തോടു് ക. ൫൮—൫—൫ @ ആണു്.

(സി) ആസ്പത്രികളിലും ഡിസ്പെൻസറികളിലും ജോലിചെയ്യുന്നവർ ൮ മണിക്കൂർവീതം ജോലി ചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly